**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 815      10.06.2019-ൽ മറുപടിക്ക്

## കൈവശരേഖ ലഭിക്കാതെ വനഭൂമിയിൽ താമസിക്കുന്നവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | കൈവശരേഖ ലഭിക്കാതെ വനഭൂമിയിൽ അനധികൃതമായി താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്നുള്ള സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | വനാവകാശ നിയമം പ്രകാരം കൈവശാവകാശത്തിന് അപേക്ഷിച്ച് ഡി.എൽ.സി നിരസിച്ച 894 പേരെ ഒഴിപ്പിക്കുവാൻ ബഹു. സുപ്രീം കോടതി ഉത്തരവാകുകയും, ബഹു. സുപ്രീം കോടതി ടി ഉത്തരവ് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം കൈവശരേഖ ലഭിക്കുന്നതിന് അർഹതയുള്ളവരുടെ അപേക്ഷ നിരസിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തുകയാണ്. വിശദമായ സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുന്നതാണ്. |
| ബി) | വനാവകാശനിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയുടെ കൈവശരേഖകളുടെ പകർപ്പ് ഹാജരാക്കുവാൻ ഇടുക്കി സംയോജിത പട്ടികവർഗ്ഗവികസന പ്രോജക്റ്റ് ഓഫീസർക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരം ഒരു നോട്ടീസ് അയച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | വനാവകാശരേഖ തയ്യാറാക്കിയതു വിതരണം ചെയ്തതു സംബന്ധിച്ച് ഇടുക്കി ഐ.റ്റി.ഡി.പി. ഓഫീസിലേയും, ജില്ലാ കളക്ടറേറ്റിലേയും രേഖകളിലുള്ള വ്യത്യാസം പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ 10.05.2019 -ലെ യോഗതീരുമാന പ്രകാരമാണ് വനാവകാശരേഖയുടെ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നത്. |
| സി) | സുപ്രീം കോടതി വിധിക്കെതിരെ റിവ്യു ഹർജി നൽകുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | സി) | സുപ്രീം കോടതിയുടെ പ്രസ്തുത ഉത്തരവ് നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായ സത്യവാങ്മൂലം ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**